റേഷൻ വ്യാപാരം അക്ഷീണം നടത്തികൊണ്ടുപോകുന്നതിന് സഹായകമാകുന്നതിനായി റേഷൻ വ്യാപാരികൾക്കുള്ള കമ്മീഷൻ വർദ്ധിപ്പിച്ചു. റേഷൻ വ്യാപാരി ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള റേഷൻ വ്യാപാരികൾക്ക് നൽകുന്ന പെൻഷൻ 150 രൂപയിൽ നിന്നും 500 രൂപയായി 2003 ഏപ്രിൽ മാസം മുതൽ വർദ്ധിപ്പിച്ചു നൽകി.

എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പുതിയ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതുവിതരണ സംവിധാനം ആകർഷകമാക്കാൻ കേന്ദ്ര സർക്കാർ തന്നെ സജീവ താൽപര്യം എടുക്കേണ്ടതുണ്ട്.

ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നടപടി

*6 [422] ശ്രീ. എ. സി. മൊയ്തീൻ:

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

„ ഗിരിജാ സുരേന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സർക്കാർ ഇതിനകം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) കേരളത്തിലെ ഭക്ഷ്യ സുരക്ഷിതത്വ പ്രശ്നങ്ങളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ;

(സി) ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിലും അലോക്കേഷൻ നടത്തുന്നതിലും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച നയം സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ഡി) പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൊതുവിതരണ സമ്പ്രദായത്തിൽകൂടി ദരിദ്ര കുടുംബങ്ങൾക്കും മറ്റും ആവശ്യമായതിന്റെ എത്ര ശതമാനം അരിയാണ് ലഭിക്കുന്നതെന്ന് അറിയിക്കാമോ?

ഭക്ഷ്യവും സാസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ):

(എ) ഭക്ഷ്യ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി സർക്കാർ റേഷൻ വിതരണം കാര്യക്ഷമമായി നടപ്പിലാക്കി വരുന്നു. ദാരിദ്ര്യ രേഖയ്ക്ക് താഴെ തന്നെ കൂടുതൽ പാവപ്പെട്ടവരായിട്ടുള്ളവർക്ക് 3 രൂപാ നിരക്കിൽ അരി വിതരണം ചെയ്യുന്ന അന്ത്യോദയ അന്നയോജന പദ്ധതിയും അഗതികളായവർക്ക് സൗജന്യമായി അരി വിതരണം ചെയ്യുന്ന അന്നപൂർണ്ണ പദ്ധതിയും കേന്ദ്ര സർക്കാർ നിശ്ചയിച്ചുതന്ന ലക്ഷ്യം കൈവരിച്ച് പൂർണ്ണമായ തോതിൽ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കിവരുന്നു. വീട്ടുനമ്പർ ഇല്ലായെന്ന കാരണത്താൽ റേഷൻ കാർഡും അതുവഴി റേഷൻ സാധനങ്ങളും ലഭിക്കാതിരുന്നവർക്ക് കഴിഞ്ഞവർഷം മേയ്മാസം മുതൽ റേഷൻ കാർഡുകൾ നൽകാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതുപോലെ കൈവശരേഖയോ വീട്ടുനമ്പരോ ഇല്ലാത്ത പാവപ്പെട്ട തീരദേശ നിവാസികൾക്ക് റേഷൻ കാർഡുകൾ നൽകാൻ സർക്കാർ കഴിഞ്ഞമാസം ഉത്തരവായിട്ടുണ്ട്.

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യ സാധനങ്ങളും മറ്റ് അത്യാവശ്യ സാധനങ്ങളും വിതരണം ചെയ്യുന്നതിനുള്ള മാവേലി സ്റ്റോറുകളുടെ ശൃംഖല വികസിപ്പിച്ചുവരികയും കൂടുതൽ ലാഭം മാർക്കറ്റുകൾ ആരംഭിക്കുകയും ചെയ്തുവരുന്നു. കൂടാതെ പൂട്ടിക്കിടക്കുന്ന തോട്ടങ്ങളിലെ തൊഴിലാളികൾക്കും പട്ടികവർഗ്ഗക്കാർക്കും സൗജന്യ റേഷൻ നൽകിവരുന്നുണ്ട്.

(ബി) ഭക്ഷ്യവകുപ്പ് പഠനം നടത്തിയിട്ടില്ല.

(സി) 1-6-1997 മുതൽ കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലക്ഷ്യാധിഷ്ഠിത പൊതുവിതരണ നയം സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചതായി ബോധ്യമായിട്ടുണ്ട്. പൊതുവിതരണ സമ്പ്രദായം മെച്ചപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന 6389848 റേഷൻ കാർഡുകൾ കമ്പ്യൂട്ടർ സഹായത്തോടെ പുതുക്കി നൽകി. 2004 മേയ് മാസം വരെ വീട് നമ്പരില്ലാത്ത 2,380 കുടുംബങ്ങൾക്ക് റേഷൻ കാർഡ് നൽകി. അന്ത്യോദയ അന്നയോജന പദ്ധതിയിൽ 119200 കുടുംബങ്ങളെ കൂടി അധികമായി ചേർത്തു. ബി.പി.എൽ. കാർഡുടമകൾക്ക്, 1-1-2004 മുതൽ ബി.പി.എൽ. നിരക്കിൽ ഗോതമ്പ് ലഭ്യമാക്കി. റേഷൻ കടകളിൽ സ്റ്റോക്കും വിലയും പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും എ.എ.വൈ., അന്നപൂർണ്ണ ഉപഭോക്താക്കളുടെ ലിസ്റ്റ് റേഷൻ കടകളിൽ പ്രദർശിപ്പിക്കണമെന്ന നിർദ്ദേശവും കർശനമായി നടപ്പാക്കി. എഫ്.സി.ഐ.-യുമായി തുടർച്ചയായി ബന്ധം പുലർത്തിയും നിരന്തരം ജാഗ്രത പാലിച്ചും എല്ലാ ഡിപ്പോകളിലും എല്ലായ്പ്പോഴും ആവശ്യാനുസരണമുള്ള ഭക്ഷ്യ ധാന്യങ്ങളുടെ ലഭ്യത, വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ ഗുണനിലവാരം എന്നിവ ഉറപ്പുവരുത്തി. അരിയുടെ ഗുണനിലവാരം ഉറപ്പാക്കി ബി.പി.എൽ. അരിയുടെ വിതരണം 100 ശതമാനമാക്കാൻ കഴിഞ്ഞു. എ.പി.എൽ., ബി.പി.എൽ. തരംതിരിവില്ലാതെ സാർവത്രിക റേഷനിംഗ് സമ്പ്രദായം പുനഃസ്ഥാപിക്കണമെന്ന് പുതിയ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പൊതു വിതരണ സംവിധാനം ശക്തമാക്കാൻ കേന്ദ്ര സർക്കാർ തന്നെ സജീവ താൽപര്യം എടുക്കേണ്ടതുണ്ട്.

(ഡി) (ബി) പിരിവിനുള്ള ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly